**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3429** | **05-08-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ 15.07.2020 മുതലുള്ള വേതന കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കായി 105.21കോടി രൂപ വകയിരുത്തുകയും ആയത് നഗരസഭകൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷം പദ്ധതിക്കായി 100കോടി രൂപ വകയിരുത്തിയിട്ടുള്ളതും നാളിതുവരെ 32.50ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 15/07/2020 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2020-21 സാമ്പത്തിക വർഷം ട്രൈബൽ പ്ലസ് പദ്ധതിയിൽ 12.11 കോടി രൂപ വേതന ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നു. അതിൽ 9 കോടി രൂപ 28/07/2021ന് അനുവദിച്ചിട്ടുണ്ട്. ബാക്കി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കോവിഡ് കാരണം തൊഴിലാളികൾക്ക് നൽകേണ്ട തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി കണക്കാക്കി പിന്നീട് അനുവദിച്ച് നൽകുമോ; വിശദമാക്കാമോ; | (ബി) | ഇല്ല. 2019-20 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 26.80 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ടി സാമ്പത്തിക വർഷം 64.25 കോടി രൂപ നഗരസഭകൾ ചെലവഴിച്ചിട്ടുള്ളതുമാണ്. 2020-21 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 32.53 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 90.57 കോടി രൂപ നഗരസഭകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2020-21 സാമ്പത്തിക വർഷം 6 ലക്ഷത്തിൽപ്പരം തൊഴിൽ ദിനങ്ങളുടെ വർധനവും നഗരസഭാ തലത്തിൽ ചെലവഴിച്ച തുകയിൽ 26 കോടി രൂപയുടെ വർധനവും ഉണ്ടായിട്ടുള്ളതാണ്. 2020-21 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 10 കോടി തൊഴിൽ ദിനങ്ങൾ അടങ്ങിയ ലേബർ ബഡ്ജറ്റിന് |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭ്യമായതിൽ 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷം 7.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റിന് അംഗീകാരം ലഭ്യമായതിൽ നാളിതുവരെ 0.99 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി പിന്നീട് അനുവദിച്ച് നൽകുന്നതിന് തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ഇല്ല |
| (സി) | കോവിഡ് കാലത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് സമാശ്വാസമായി ഏതെങ്കിലും തരത്തിലുള്ള സഹായം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. 2019-20 സാമ്പത്തിക വർഷം മുതൽ 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങൾക്ക് 1000/- രൂപ വീതം ഉത്സവ ബത്തയായി അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ